# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-(P15)/967/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 02/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-(P15)/967/2022 തീയ്യതി: 02/07/2022

## തൃശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 30-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2022 | 22-06-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2022 | 22-06-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു ടി.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ.ഒ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ശ്രീജ.കെ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സോഫി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2020 | 08-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 09-11-2020 | 29-12-2020 |
| മനോജ് .എൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഡോ. ബിന്ദു ടി.എൻ | സെക്രട്ടറി | 01-04-2020 | 03-01-2021 |
| നൈന കെ.സുകുമാരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2021 | 17-01-2021 |
| ഡോ. ബിന്ദു ടി.എൻ | സെക്രട്ടറി | 18-01-2021 | 05-03-2021 |
| സിന്ധു പി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിത സി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശുഭ പി.വി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ബിജു കെ.ആർ. | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.മായാ റോഷ്നി എ.ആർ. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ജെറി തോമാസ് | വെറ്ററിനറി സർജൻ | 01-04-2020 | 22-12-2020 |
| ഡോ.ഷിബു കെ.വി | വെറ്ററിനറി സർജൻ , അഡീഷണൽ ചാർജ് | 23-12-2020 | 11-02-2021 |
| ഡോ. ശിവദാസ് കെ.ടി | വെറ്ററിനറി സർജൻ | 12-02-2021 | 31-03-2021 |
| ജെസ്സി വി.എ. | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. വല്ലച്ചിറ | 01-04-2020 | 31-05-2020 |
| ലതിക വി.ഡി | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. വല്ലച്ചിറ | 01-06-2020 | 19-02-2021 |
| ബിന്ദു വി | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. വല്ലച്ചിറ | 20-02-2021 | 31-03-2021 |
| രഞ്ജിത്ത് കെ.ആർ. | വി.ഇ.ഒ. (ആറാട്ടുപുഴ) | 01-04-2020 | 16-11-2020 |
| അബ്ദുൾകരീം | വി.ഇ.ഒ. (ആറാട്ടുപുഴ) | 17-11-2020 | 31-03-2021 |
| ശരത്ത് മോഹൻ | വി.ഇ.ഒ. (വല്ലച്ചിറ) | 01-04-2020 | 31-03-2021 |
| അംബിക കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഷീല ടി.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 11-05-2020 |
| രാമചന്ദ്രൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ ,ചാർജ് ഓഫീസർ | 12-05-2020 | 31-05-2020 |
| സെറിൻ. പി.ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ ,ചാർജ് ഓഫീസർ | 01-06-2020 | 09-06-2020 |

| | | | |
|---|---|---|---|
| അമ്പിളി.എൻ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ ,ചാർജ് ഓഫീസർ | 10-06-2020 | 16-06-2020 |
| മീനു റസ്സൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-06-2020 | 31-03-2021 |
| സിമി റോസ് ആൻഡ്രൂസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 17-02-2021 |
| ജോയ്സി ജേക്കബ് എം. | ഫിഷറീസ് ഇൻസ്പെക്ടർ | 18-02-2021 | 31-03-2021 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10 |
| 11 | വസ്തു നികുതി- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. | 1-11 |
| 12 | വസ്തുനികുതി ഡിമാന്റ് തുക- പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല | 1-12 |
| 13 | ലൈബ്രറി സെസ്സ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു | 1-13 |
| 14 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ ഒറ്റത്തവണയായി ഡിമാന്റ് ചെയ്യുന്നു | 1-14 |
| 15 | വരവ് രജിസ്റ്ററുകൾ മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ | 1-15 |

| | | |
|---|---|---|
| | സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. | |
| 16 | മുൻകൂർ ആയി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-16 |
| 17 | കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-17 |
| 18 | Prior Period Item- വൌച്ചറുകളോ വർക് ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 19 | ജേണൽ വൌച്ചറുകൾക്കു് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-21 |
| 22 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-22 |
| 23 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-23 |
| 24 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ചേർത്തിട്ടില്ല. | 1-24 |
| 25 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-25 |
| 26 | താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. | 1-26 |
| 27 | Capital Work In Progress- പാർട്ട് ബിൽ നല്കിയതിന്റെ വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-27 |
| 28 | വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-28 |
| 29 | മത്സ്യകൃഷി ലേലം - ലേലതുക വരവിലെടുത്തിട്ടില്ല | 1-29 |

| | | |
|---|---|---|
| 30 | വാർഷിക ധനകാര്യ പത്രികയിൽ കൊട്ടേഷൻ ലഭിച്ച തുക വരുമാനമായി കണക്കിൽ എടുക്കുന്നതിനു പകരം Auction Deposit എന്ന ഹെഡിൽ ബാധ്യതയായി കണക്കാക്കിയിരിക്കുന്നു. | 1-30 |
| 31 | കെട്ടിട മുറി വാടകയ്ക്ക് നൽകിയിട്ടില്ല | 1-31 |
| 32 | മൊബൈൽ ടവറിന്റെ വസ്തു നികുതിക്കുടിശ്ശിക | 1-32 |
| 33 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകങ്ങൾ | 1-33 |
| 34 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-34 |
| 35 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-35 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ബാലൻസ് തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. | 1-36 |
| 37 | സുഭിക്ഷ കേരളം- ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം- വിതരണ രേഖകൾ ഹാജരാക്കിയില്ല-99445/- രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 38 | ഗുണഭോക്താക്കൾ ലഭ്യമാക്കിയ ബില്ലുകളുടെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്. | 1-38 |
| 39 | ലാപ് ടോപ്പ് വാങ്ങിയതിന് കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-39 |
| 40 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-40 |
| 41 | കമ്പ്യൂട്ടർ വാങ്ങൽ- അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-41 |
| 42 | നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നല്കൽ- ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ് | 1-42 |
| 43 | സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. | 1-43 |

| | | |
|---|---|---|
| 44 | തെരുവു വിളക്ക് എ.എം.സി നൽകൽ -നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-44 |
| 45 | മുൻകൂർ നല്കിയതിൽ നീക്കിയിരിപ്പുള്ള തുക സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-45 |
| 46 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-46 |
| 47 | പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. | 1-47 |
| 48 | സ്പിൽ ഓവർ പ്രവൃത്തികൾ-എഗ്രിമെൻറ് വെച്ചതിനു ശേഷം കോൺട്രാക്ടർ പിന്മാറി - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-48 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

## അനുബന്ധം

| | | |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.03.2020, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 133388995 | 128521385 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 15.02.2021, തീരുമാനം നം. 3[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 127706914 | 128308472 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 2.07.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25589069.40 |
| വരവ് | 68440861.00 |
| ആകെ | 94029930.40 |
| ചെലവ് | 68539721.00 |

| നീക്കിയിരിപ്പ് | 25490209.40 |
|---|---|

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11320568 | 11320568 | 10594238 | 726330 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9062196 | 9062196 | 7259884 | 1802312 |
| മെയിന്റനൻസ്. റോഡ് (ACR പ്രകാരം) | 0 | 8229000 | 8229000 | 8213124 | 15876 |
| മെയിന്റനൻസ്. നോൺ-റോഡ് (ACR പ്രകാരം) | 0 | 3587346 | 3587346 | 3575772 | 11574 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied Grant (ACR പ്രകാരം) | 0 | 4090000 | 4090000 | 2796177 | 1293823 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (ACR പ്രകാരം) | 0 | 7873178 | 7873178 | 5015434 | 2857744 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 213 | 84290917 | 177 | 48011522 | 07 | 29 | 57% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4133900 | 272 |
| വിധവാ പെൻഷൻ | 16164300 | 1077 |
| വാർദ്ധക്യകാല പെൻഷൻ | 25030900 | 1855 |
| വികലാംഗ പെൻഷൻ | 3558000 | 237 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2438300 | 168 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 443810 | 1115349 | 1559159 | 1559159 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 21970616 | 21970616 | 21970616 | |
| Skilled + Material - EFMS Amount | | 4633326 | 4633326 | 4633326 | |

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണ
തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപാകത ഖ.1-25 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരി
20.06.2022-ാം തീയതി 2.40 P.M-ന്, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയു
പരിശോധനയിൽ 1926/- രൂപ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവ
സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട
നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോ
തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലിക
കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അ
എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലിക
സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച
ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ നടത്തിയതിന്റേയോ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്
കുറവു വരുത്തിയതിന്റേയോ, തേയ്മാനം സംഭവിച്ചതിന്റേയോ വിവരങ്ങൾ രേ
കാലികമാക്കിയിട്ടില്ല.

3. ലേലം രജിസ്റ്റർ അപൂർണ്ണമായാണ് സൂക്ഷിക്കുന്നത്.

4. ജീവനക്കാരുടെ തൊഴിൽ നികുതി " Profession Tax (Employees)" എന്ന ശീർഷകത്തിനു പകരം " Profe
( Traders/Institutions)" എന്ന ശീർഷകത്തിൽ വരവുവെയ്ക്കുന്നു.

5. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ
രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കു
മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യ

സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചാ
രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്റ
ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (
പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

## 1-11 വസ്തു നികുതി- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭി
വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ
"സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും
തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ്
നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി
ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാ
വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്
ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെ
തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി ര
പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാ
കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കു
ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാ

**1 തൻവർഷം**

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2326469 | 2318921 | 13395 | 4194 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2326469 | 2308880 | 13395 | *4194 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട് ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(4404/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1373687 | 1335591 | 4096 | 39051 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1373687 | 1330540 | 4096 | *39053 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് പത്രിക, | (350410104-Advance Collection-PT On | *(41006/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | |
|---|---|---|---|
| (അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | ഷെഡ്യൂൾ ആർ.പി-43) | NR Bldg-ന്റെ ലെഡ്ജർ) | ബി-15) |

**2കുടിശ്ശിക**

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29358 | 0 | 29358 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29358 * | 0 | 29358** |
| | *(2019-20-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4404 + 26424 =30828/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (30828/105X100)=......, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 245909 | 0 | 245909 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 245909 | 0 | 245909 |
| | (2019-20-ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് പത്രിക, | ** (258222/105X100) ചെറിയ തുക |

| | | | |
|---|---|---|---|
| | ഷെഡ്യൂൾ ബി-15) *(41006 + 217216 =258222/105*100) | ഷെഡ്യൂൾ ആർ.പി-43) | വ്യത്യാസം; റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ (ക്രമീകരിച്ചത് | (ഡിമാന്റ് കുറവ് ചെയ്തത് | ബാക്ക | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസി ഡൻഷ്യൽ | 118250 | 1470 | 119720 | 117625 | 0 | 117625 | 785 | - | 210 | 1470 |
| | നോൺ-റെസി ഡൻഷ്യൽ | 70494 | 12313 | 82807 | 67072 | 0 | 67072 | 235 | - | 1955 | 12313 |
| | ആകെ | | | 202527 | | | 184697 | 1020 | | | 15948 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 202527 | | | 184697 | | | | 186579 | | 15948 |
| | | 13783+ (2019-20-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/Levies..... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State Govt. Cess/Levies..... ലെഡ്ജർ 2020-21) | (ബാലൻസ ഷെഡ്യൂൾ | |

4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈ സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കി

കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -കള ബുക്ക് അഡ്ജസ്റ്റ്മെന്റ് = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെ കണക്കാക്കപ്പെടുന്നില്ല (ഉദാ:1.1, 1.2, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിന മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 84036 | 86296 |
| 2 | 350410101-Advance Collection Of Revenues - Property Tax On Non-Residential Building | 13900 | 13115 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-12 വസ്തുനികുതി ഡിമാന്റ് തുക- പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല

1/4/2020-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 202 അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്മെന്റ് രജിസ്റ്റർ,അസസ്സ് ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി

ചേർക്കേണ്ടതിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതി സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തി പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21-ലെ "110100101-Property Tax On Re Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡി 1 തവണ മാത്രം (01/04/2020ൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രിക സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാന ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്ത നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തവ് സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്ര പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡ എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും ന സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-13 ലൈബ്രറി സെസ്സ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തു ലൈബ്രറി സെസ്സ് ഉൾപ്പെടെ) 334460രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Go In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 15926/- ( 334460 / 105X5 )ആണ്.എന്നാ ശീർഷകത്തിൽ 15948/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-14 അക്രൂവൽ അടിസ്ഥാനത്തിലുളള വരുമാനങ്ങൾ ഒറ്റത്തവണയായി ഡിമാന്റ് ചെയ്യുന്നു

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതി സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡി നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എന്‍ട്രി ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) പ്രതി സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകു രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നി അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖ പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡി കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(കെട്ടിടങ്ങൾ) | 130100101-Rent From Building | 24960/- | 01.04.20 | 42000200 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എന്‍ട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-15 വരവ് രജിസ്റ്ററുകൾ മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം

## രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്ക മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി .വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്ര കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ

ലൈബ്രറി രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ലേലം രജിസ്റ്റർ

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(വസ്തു നികുതി ഒഴികെ)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| 150100105-Sale Of Fish Farms | 10,000 | 10,000 | - | - | 0 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-16 മുൻകൂർ ആയി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിര് വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്ര രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ് പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Traders/Professionals | 14820 |
| 2 | ഡി.&ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 167890 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-17 കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കു ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ച 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻ എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-18 Prior Period Item- വൌച്ചറുകളോ വർക് ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി ത തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രിക അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാ രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തു സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280600101-Prior Period Expense-Remission And Refund-Rent From Building | 9000 |
| 280800201-Prior Period- Administrative Expense | (10371) |
| 280800101-Prior Period-Establishment Expenses | (839) |
| 280800701-Prior Period- Miscellaneous Expenses | (3805346) |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-19 ജേണൽ വൌച്ചറുകൾക്കു് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ.വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബു രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ച ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ച വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയ ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്ത പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ ത തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്

തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നട ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുക ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തി അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കു

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിര് ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" രേഖപ്പെടുത്തിയിരിക്കുന്നത് 98860/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 20-21 കാലയളവിൽ " Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5396255/-രൂപ അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുക പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുക പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-22 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 9300/- രൂപയുടെ നിക്ഷേപം കാണുന്നു.എ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ ക പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-23 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവി
എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്ത
തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ
അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിത
ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രി
കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200305 | Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsore | 124779 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 2 | 320200320 | Grants For Stadium & Play Grounds | 90631 | | | |
| 3. | 320200405 | Contributions For Specific Purposes-(For Revenue Expenditure)-From District Panchayats | 53800 | | | |

| | | | |
|---|---|---|---|
| 4 | 320900299 | Other Awards From State Govt. | 21855 |
| 5 | 350200301 | Recoveries Payable Covid | -485685 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-24 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകം ചേർത്തിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450650109 | Treasury Spl Tsb- Joint Venture | 1132488 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-25 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം ഷെഡ്യൂൾ I-6 തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 2707197 8/-രൂപയാണ്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള റവന്യൂ ചെലവിന്റെ വിശദവിവരം ചേർക്കുന്നു.

| ക്ര.ന | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1. | ഭരണ ചെലവ് | 1115349 |
| 2. | വേതനം - EFMS Amount | 21976016 |
| 3. | Skilled + Material – EFMS Amount | 4633326 |
| | ആകെ | 27724691 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-26 താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രി തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|
| 1. | 450250102 – Treasury Own Fund-VPFA-1_2 | 04/20 To 03/21 |

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-27 Capital Work In Progress- പാർട്ട് ബിൽ നല്കിയതിന്റ വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷക ചേർത്തിരിക്കുന്ന തുക 868849-രൂപയാണ്. ആസ്തി ശീർഷകത്തിലേക്ക് മാറ്റിയതിന്റെ വർക്ക്ഷീറ്റ് 4472635/-, Road – 2687530-) ഹാജരാക്കി. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റു 31/3/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ തുക കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല .

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-28 വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വായ്പ ഇനത്തിൽ തൻവർഷം 780,000/- രൂപ വരവുണ്ട്. ആയതിൽ 556236/- രൂപ തിരിച്ചടക്കുകയും 31 4572000/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജി രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 5/ 20.6.22 )

## 1-29 മത്സ്യകൃഷി ലേലം - ലേലതുക വരവിലെടുത്തിട്ടില്ല

ലേലം രജിസ്റ്ററിൽ ഈ ഇനത്തിൽ 13500രൂപ വരവു വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എ വാർഷിക ധനകാര്യ പത്രികയിൽ 10000 രൂപയാണ് ഈ ഇനത്തിൽ വരവുവെച്ചിട്ടുള്ളത് ( എൻക്വയറി നം. 02/20.06.2022). 3500 രൂപ Sale From Fish Farm എന്ന ഹെഡിൽ വരവു വന്നിട്ടില്ല. ഹെഡ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വരവിലേയ്ക്ക് മുതൽകൂട്ടേണ്ടതാണ്.

## 1-30 വാർഷിക ധനകാര്യ പത്രികയിൽ ക്വട്ടേഷൻ ലഭിച്ച തുക വരുമാനമ കണക്കിൽ എടുക്കുന്നതിനു പകരം Auction Deposit എന്ന ഹെഡിൽ ബാധ്യതയായി കണക്കാക്കിയിരിക്കുന്നു.

2020-2021 സാമ്പത്തിക വർഷത്തിൽ താഴെ നൽകിയ ഇനങ്ങളിൽ ലേലം ലഭിച്ച തുക വരുമാ കണക്കിൽ എടുക്കുന്നതിനു പകരം Auction Deposit എന്ന ഹെഡിൽ ബാധ്യത കണക്കാക്കിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 1 | കരിങ്കല്ല് ലേലം | 120010100300/26.05.2020 | 5430 |
| 2 | കരിങ്കല്ല് ലേലം | 120010100306/26.05.2020 | 5370 |
| 3 | സിൽട്ട് ലേലം | 120010100367/02.07.2020 | 86000 |
| 4 | മണ്ണ് ലേലം | 120010100928/28.07.2020 | 1200 |
| 5 | മത്സ്യകൃഷി ചെയ്യുന്നതിനുള്ള ലേലം | 120010101137/21.08.2020 | 2000 |

| | | | |
|---|---|---|---|
| 6 | പഴയ സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റിയത് | 12001010101173/25.08.2020 | 32000 |
| 7 | സിൽട്ട് ലേലം | 12001010101801/21.10.2020 | 203500 |
| 8 | മണ്ണ് ലേലം | 12001010102268/27.11.2020 | 24500 |
| 9 | ഗവ. യു.പി. സ്കൂൾ Toilet Block ലേലം | 12001010102965/01.02.2021 | 400 |
| ആകെ | | | 360400 |

2020-2021 സാമ്പത്തിക വർഷത്തിൽ താഴെ നൽകിയ ഇനങ്ങളിൽ ലേലത്തിന് സ്വീകരിച്ച EMD ലേ
പൂർണ്ണമായും വരവായി കണക്കിലെടുക്കാതെ Bidders EMD എന്ന ഹെഡിൽ വരവുവെച്ചിട്ടുണ്ട്. ലേ
വിജയികളിൽ നിന്നും EMD കിഴിച്ചുള്ള തുകയാണ് മേൽ പട്ടിക പ്രകാരം Auction Deposit എന്ന ഹെഡ
ബാധ്യതയായി നിലനിർത്തിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 1 | കരിങ്കല്ല് ലേലം | 12001010100299/26.05.2020 | 1000 |
| 2 | കരിങ്കല്ല് ലേലം | 12001010100305/26.05.2020 | 1000 |
| 3 | സിൽട്ട് ലേലം | 12001010100360/02.06.2020 | 2000 |
| 4 | സിൽട്ട് ലേലം | 12001010100912/27.07.2020 | 2000 |
| 5 | പഴയ സ്കൂൾ കെട്ടിടം | 12001010101136/21.08.2020 | 1000 |

| | | | |
|---|---|---|---|
| | പൊളിച്ചു മാറ്റിയത് | | |
| 6 | മണ്ണ് ലേലം | 120010101761/19.10.2020 | 500 |
| 8 | മണ്ണ് ലേലം | 120010100919/29.07.2020 | 200 |
| ആകെ | | | 7700 |

മേൽ തുകകൾ ബാധ്യതാ ശീർഷകങ്ങളിൽ നിന്നും വരവായി ക്രമീകരിക്കുന്നതിനുള്ള നടപടിക സ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം.02/20.06.2022)

## 1-31 കെട്ടിട മുറി വാടകയ്ക്ക് നൽകിയിട്ടില്ല

